പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. T4078

21/07/2015 -ൽ
മറുപടിയ്ക്ക്

## സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ജെയിംസ് മാത്യു | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗത്തിൽ സംസ്ഥാനത്തിന്റെ താല്പര്യത്തിനനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനം പ്രയോജനപ്പെടുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ; വിശദമാക്കാമോ ; | (എ) ഉണ്ട്. ബാങ്കിംഗ് നെറ്റ്‌വർക്കിന്റെ വളർച്ച, ഡിപ്പോസിറ്റ്, വിതരണം ചെയ്ത ലോൺ, ലോൺ കുടിശ്ശിക, നിക്ഷേപ തോത്, NRI ഡിപ്പോസിറ്റ്, NRI അഡ്വാൻസ്, വിദ്യാഭ്യാസ ലോൺ, കാർഷിക ലോൺ തുടങ്ങിയ രംഗങ്ങളിൽ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായി ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടോ യെന്ന കാര്യം സംസ്ഥാനതല ബാങ്കുകളുടെ സമിതി യോഗത്തിൽ വിയിരുത്താറുണ്ട്. |
| (ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപതോതിൽ വൻവർദ്ധനയുണ്ടാകുമ്പോഴും വായ്പ നൽകുന്നതിന്റെ അനുപാതം കുറവാകുന്നതായ വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ സംസ്ഥാനത്തിന്റെ പൊതു വികസനത്തിനും സാധാരണക്കാരുടെ താൽപര്യത്തിനുമനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനവും നിക്ഷേ | (സി) സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന വിഷയങ്ങളിൽ ബാങ്കുകളുടെ സഹകരണം ആവശ്യപ്പെട്ടുകൊണ്ട് നിരവധി അജണ്ടകൾ SLBC |

| | |
|---|---|
| പവും പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ അവലോകന യോഗത്തിൽ നടത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ? | യോഗത്തിൽ സർക്കാർ വയ്ക്കുകയും അവ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്യുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, മറ്റുന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ SLBC യോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് ബാങ്കുകളുടെ നിക്ഷേപാനുപാതവും പ്രവർത്തനവും സംബന്ധിച്ച കാര്യങ്ങളിൽ നിരവധി ശുപാർശകൾ നൽകാറുണ്ട്. |

Priya

സെക്ഷൻ ഓഫീസർ